## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5618** **03-11-2021 - ൽ മറുപടിയ്ക്ക്**

## പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിലവിലെ മാനദണ്ഡങ്ങളെന്തെന്ന് വിശദവിവര സഹിതം അറിയിക്കാമോ; | (എ) | പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24/01/2020 ലെ ഇഡബ്ല്യൂ3/330/2019/തസ്വഭവ നമ്പർ സർക്കുലർ മുഖേനയും, ആയതിലെ ചില വ്യവസ്ഥകൾ 15/02/2021 ലെ ഇഡബ്ല്യൂഎ3/179/2020/തസ്വഭവ നമ്പർ സർക്കുലർ മുഖാന്തരം ഭേദഗതി ചെയ്തും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറുകൾ പ്രകാരം 01/01/2012 ന് മുമ്പ് ഒക്യുപെൻസി ലഭ്യമായ സ്കൂൾ കെട്ടിടങ്ങൾക്ക് Built up area യുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി കൊണ്ട് സ്ട്രക്ചറൽ സ്റ്റബിലിറ്റി ഉറപ്പുവരുത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. 01/01/2012 ന് ശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് 1.25% നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കിയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ആദ്യതവണ, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, തുടർന്നുള്ള വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറും ആണ് നൽകേണ്ടത്. |
| (ബി) | പുതിയ സ്കൂൾ കെട്ടിടങ്ങളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ ക്രമവത്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | സ്കൂൾ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നിലവിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (സി) | പുതിയ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിക്കാത്തതിനാൽ കുറ്റ്യാടി മണ്ഡലത്തിലെ ആറങ്ങോട്ട് സ്കൂളിലെ അധ്യാപകർക്ക് 10 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു | (സി) | ഉണ്ട്. സ്കൂളിന്റെ പ്രീ-കെ.ഇ.ആർ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിഞ്ഞതിൽ പിഡബ്ല്യൂഡി റോഡിൽ നിന്നും നിശ്ചിത അകലം പാലിക്കാത്തതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ 2019-20 വർഷത്തെ തസ്തികനിർണ്ണയം നടത്താൻ സാധിക്കാത്ത സാഹചര്യത്തിലാണ് |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | | ശമ്പളം തടഞ്ഞിട്ടുള്ളത്. റോഡിൽ നിന്നുള്ള അകലം ക്രമീകരിക്കുന്ന മുറക്ക് പരിശോധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ